പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198 — 12.6.2018 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാരമേഖലയെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ പി.കെ.ബഷീർ : | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) | വിദേശികൾക്ക് സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖല ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കാൻ സംസ്ഥാന സർക്കാർ നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം മാർക്കറ്റിംഗ് ലക്ഷ്യമിട്ട് വിവിധ വിദേശ രാജ്യങ്ങളിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം ആകർഷകമാണെന്ന് കാണിക്കാൻ വിവിധ വിദേശ രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു. വിവിധ രാജ്യങ്ങളിലെ പ്രമുഖ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കാനും വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. സംസ്ഥാന ടൂറിസം വകുപ്പ് മികച്ചതാക്കി തീർക്കാൻ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനം വിപുലീകരിച്ചു കഴിഞ്ഞു. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കി മാറ്റാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദേശ വിനോദ സഞ്ചാരികൾക്ക് കേരളം മികച്ച ഡെസ്റ്റിനേഷനാണെന്ന് മനസ്സിലാക്കാൻ കേരള ബ്ലോഗ് എക്സ്പ്രസ് വഴി വിദേശ ബ്ലോഗർമാരുടെ സഹായവും സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മുസിരിസ് ബിനാലെയും ഇതിന്റെ ഭാഗമാണ്. യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോ ന്യൂസ്, സ്കൈ ന്യൂസ് എന്നിവയിലും യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലും പ്രധാന ചാനലായ സിഎൻഎൻ-ലും കേരള ടൂറിസം പരസ്യം പ്രൈംടൈമിൽ സംപ്രേഷണം ചെയ്തു കഴിഞ്ഞു. ലണ്ടൻ ബസ് ബ്രാന്റിംഗ്, ITB ജർമ്മനി വേദി ബ്രാന്റിംഗ്, പാരീസ് ഡ്രാമാ തീയറ്റർ ബ്രാന്റിംഗ് എന്നിവയും വിദേശികളെ ആകർഷിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി നടത്തിയ പ്രചാരണ പ്രവർത്തനങ്ങളാണ്. സിംഗപ്പൂർ, മലേഷ്യ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, ആസ്ത്രേലിയ, ന്യൂസീലന്റ്, അമേരിക്ക എന്നിവിടങ്ങളിലും കേരള ടൂറിസം ബ്രാന്റ് ആയി അവതരിപ്പിച്ചു കഴിഞ്ഞു. കേരളത്തിലെത്തുന്ന വിദേശികളുടെ സുരക്ഷ മുൻനിർത്തി സർക്കാർ തലത്തിൽ വിവിധ കർമ്മ പരിപാടികളും ആലോചിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ മനോഹരമായ ഡെസ്റ്റിനേഷനാക്കി സംരക്ഷിക്കാൻ ആവശ്യമായ നടപടികളും എടുത്തു വരുന്നുണ്ട്. കേരളത്തെ കുറിച്ച് വിദേശികളുടെ ഇടയിൽ മതിപ്പ് ഉളവാക്കുന്നതിനും മറ്റുമായി ഉള്ള പ്രചാരണ/വിപണന തന്ത്രങ്ങൾ ഓൺലൈൻ നവമാധ്യമങ്ങൾ വഴിയും നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യവും വൃത്തിയും ഉറപ്പുവരുത്തുന്നതിനും മറ്റുമായി ടൂറിസം ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) | മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച ടൂറിസം സാധ്യത കേരളത്തിനുണ്ടായിട്ടും ഈ രംഗത്ത് മെച്ചപ്പെട്ട പ്രകടനം സാധ്യമാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | ബി) | കേരള ടൂറിസത്തിന് ദേശീയ-അന്തർദേശീയ തലങ്ങളിൽ മികച്ച പ്രകടനം തന്നെയാണ് കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുള്ളത്. കേരള ടൂറിസം വളർച്ചയുടെ പാതയിലാണെന്ന് തന്നെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന അന്തർദേശീയ/ദേശീയ അവാർഡുകളും പുരസ്കാരങ്ങളും മികച്ച പ്രകടനത്തിന്റെ കൂടി തെളിവാണ്. |
| സി) | വിനോദ സഞ്ചാര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ശക്തമായ ടൂറിസം വിപണന പദ്ധതി ആവിഷ്കരിക്കുന്നതിന് തയ്യാറാകുമോ? | സി) | വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള ശക്തമായ ടൂറിസം വികസനം തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടൂറിസം അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളും തമ്മിലുള്ള ഏകോപനത്തിനും മേൽനോട്ടത്തിനുമായി ബഹു. മുഖ്യമന്ത്രി ചെയർമാനായും, ബഹു. ടൂറിസം വകുപ്പ് മന്ത്രി വൈസ് ചെയർമാനും, ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി, ബഹു. വൈദ്യുതി വകുപ്പ് മന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, ബഹു. വനം വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രി, ബഹു. ജലവിഭവ വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായും, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, വനവും വന്യജീവിയും വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉർജ്ജ വകുപ്പ്,ഡയറക്ടർ, ടൂറിസം വകുപ്പ് എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളായും, സെക്രട്ടറി, ടൂറിസം വകുപ്പ് കൺവീനറായും ഒരു മന്ത്രിതല സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**